# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5757 03.11.2016 ലെ മറുപടി

### തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയ ചേലക്കര മണ്ഡലത്തിലെ പ്രവർത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.യു.ആർ.പ്രദീപ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ചേലക്കര മണ്ഡലത്തിൽ എത്ര പ്രവർത്തികൾക്ക് ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്; അവയുടെ പേരു വിവരവും, അനുവദിച്ച തുകയും വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ എത്ര പ്രവർത്തികൾ പൂർത്തീകരിച്ചു; ഇനി പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ ഏതൊക്കെയാണ്;<br><br>(സി) അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം വ്യക്തമാക്കുമോ; പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ? | (എ),(ബി)&(സി)<br><br>വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തലപ്പിള്ളി താലൂക്ക് സ്പെഷ്യൽ പാക്കേജ് - ഒന്നാം ഘട്ടം | | | |
|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ / സ്വീകരിച്ച നടപടികൾ |
| 1. | വള്ളത്തോൾ നഗർ പഞ്ചായത്തിലെ പള്ളിക്കൽ പാടശേഖരത്തിൽ പള്ളിക്കൽ തോടിന് കുറുകെ തടയണ നിർമ്മാണം | 33.90 | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 2. | ചേലക്കര പഞ്ചായത്തിലെ മല്ലിശ്ശേരി പൊതുപാലം തോട്ടിലെ തടയണ നിർമ്മാണം | 45.10 | പ്രവൃത്തി പൂർത്തീകരിച്ചു |
| തലപ്പിള്ളി താലൂക്ക് സ്പെഷ്യൽ പാക്കേജ് - രണ്ടാം ഘട്ടം | | | |
| 1. | പഴയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പടിഞ്ഞാറെക്കര പാട ശേഖരത്തിൽ ഫീൽഡ് ചാനൽ നിർമ്മാണം | 35 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2. | കൊണ്ടാഴി പഞ്ചായത്തിൽ വടക്കുമുറി പാലക്കൽ കടവ് പാടശേഖരത്തിൽ ഫീൽഡ് ചാനലിന്റെ നവീകരണ പ്രവൃത്തികൾ | 20 | ഉടമ്പടി ഒപ്പു വച്ചു. |
| 3. | പഴയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സക്ഷൻ പൈപ്പും ഡെലിവറി പൈപ്പും മാറ്റി സ്ഥാപിക്കൽ | 21.50 | പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| 4. | ഇട്ടിച്ചിരകുണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പമ്പ് ഹൗസ് താഴ്ത്തി വയ്ക്കുന്ന പ്രവൃത്തി | 36 | പുതിയ മോട്ടോറും പമ്പും വാങ്ങുന്നതിനും പൈപ്പ് മാറ്റുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| തലപ്പിള്ളി താലൂക്ക് സ്പെഷ്യൽ പാക്കേജ് - മൂന്നാം ഘട്ടം | | | |
| 1. | തിരുവില്വാമല പഞ്ചായത്തിലെ കടവത്തു തോടിന് കുറുകെ മല്ലേശമംഗലം ആനപ്പാറയിൽ തടയണ നിർമ്മാണം | 25 | ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 2. | വള്ളത്തോൾ നഗർ പഞ്ചായത്തിൽ കരിപ്പാടം പാടശേഖരത്തിലെ ഫീൽഡ് ചാനലിന്റെ പുനരുദ്ധാരണ പ്രവൃത്തികളും വിപുലീ കരണവും | 45 | ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3. | ചേലക്കര പഞ്ചായത്തിലെ മല്ലിശ്ശേരി പൊതുപാലം തോട്ടിൽ തെണ്ടൻ കടവിൽ ചെക്ക് ഡാമിന്റെ വശങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ | 10 | ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 4. | ചേലക്കര പഞ്ചായത്തിലെ മല്ലിശ്ശേരി തോട്ടിൽ പുളിക്കൽ ചെക്ക് ഡാമിന്റെ വശങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ | 5 | ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 5. | പാഞ്ഞാൾ പഞ്ചായത്തിലെ അയ്യഴി പാടശേഖരത്തിലെ ഫീൽഡ് ചാനലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 35 | ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ